ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് മുഖേന തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾക്കും സംഘടനകൾക്കും വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷ കായിക വകുപ്പിന്റെ സ്പെഷൽ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാനാകുമോ എന്ന് പരിശോധിക്കാനായി കായിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം

314 (688) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യാൻ യുവജനകാര്യ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly